(ബി) ഇത്തരം കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ നടത്തുന്നുണ്ടോ ; ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത് ;

(സി) സ്വയംഭരണ പദവിയും സ്വാശ്രയകോഴ്സുകളും ഉന്നത വിദ്യാഭ്യാസത്തിന്റെ അന്തഃസത്ത തകർക്കുന്നതാണെന്ന വസ്തുത അറിവുള്ളതാണോ ;

(ഡി) ഈ തെറ്റായ നയത്തിനെതിരെ കോളേജ് കാമ്പസുകളിൽ നടന്ന പ്രക്ഷോഭങ്ങൾ പരിഗണിച്ച് നയം തിരുത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഫീസ് ഘടനയിൽ മാറ്റം വരുത്തിയിട്ടില്ല. സർക്കാർ/ എയ്ഡഡ് കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനത്തിന് നിലനിൽക്കുന്ന അതേ മാനദണ്ഡങ്ങൾ തന്നെയാണ് സ്വയംഭരണ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനത്തിനും പരിഗണിക്കുന്നത്. പ്രസ്തുത കോളേജുകളിലെ മെറിറ്റ് സീറ്റ് ഉൾപ്പെടെയുള്ള എല്ലാ സീറ്റുകളിലേയ്ക്കുമുള്ള പ്രവേശനവും അതാതു കോളേജുകളാണ് നടത്തുന്നത്. മെറിറ്റ് സീറ്റുകളിൽ പൂർണ്ണമായും പ്രവേശനം നല്കുന്നുണ്ട്.

(ബി) ഉണ്ട്. സ്വയംഭരണ പദവി ലഭിച്ച കോളേജുകളിലെ സ്വാശ്രയ കോഴ്സുകൾ സംബന്ധിച്ച് വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) നിശ്ചിത മാനദണ്ഡങ്ങൾപ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നല്കുവാനാണ് കോളേജുകൾക്ക് സ്വയംഭരണാവകാശം നല്കുന്നതിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ പ്രവർത്തനം വിലയിരുത്താനും പരാതികൾ വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി നടപടികൾ ശിപാർശ ചെയ്യാനും വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായുള്ള സ്വയംഭരണ അംഗീകാര സമിതിക്ക് അധികാരമുണ്ട്.

സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പ്രകാരം ഇക്കാര്യം ഉറപ്പാക്കിയിട്ടുണ്ട്. അതിനാൽ സ്വയംഭരണ പദവി നൽകാനുള്ള തീരുമാനം പുനഃപരിശോധിക്കേണ്ടതായി കാണുന്നില്ല.

നാദാപുരം ഗവണ്മെന്റ് കോളേജിൽ അനദ്ധ്യാപക തസ്തിക

67 (5138) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാദാപുരം ഗവൺമെന്റ് കോളേജിൽ അനദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നാദാപുരം ഗവണ്മെന്റ് കോളേജിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ 12239/എഫ്1/15/ഉ.വി.വ. നമ്പർ ഫയലിൽ പരിശോധിച്ച് വരികയാണ്.

ഉച്ചഭക്ഷണ പദ്ധതി

68 (5139) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിപ്രകാരം വിതരണം ചെയ്യുന്നത് പോഷകമൂല്യമുള്ള ഭക്ഷണമായിരിക്കണമെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഭക്ഷണം പാകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും ശുചിത്വമുള്ള സാഹചര്യത്തിലാണെന്നത് ഉറപ്പുവരുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ടോ ; പാചകം ചെയ്യുന്ന പാത്രങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ടോ ;

(സി) ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് ആണ് ഫീഡിംഗ് കമ്മിറ്റികൾ രൂപവൽക്കരിക്കാത്ത സ്കൂളുകൾക്ക് ആയത് അടിയന്തരമായി രൂപീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉച്ചഭക്ഷണ പദ്ധതിയിലെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പോഷക സമൃദ്ധമായ ഭക്ഷണം നല്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനു സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂൾതലം മുതൽ റവന്യൂ ജില്ലാതലംവരെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓരോ അദ്ധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർ പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചുവരുന്നു.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് പി.ടി.എ. പ്രസിഡന്റ് ചെയർമാനും സ്കൂൾ പ്രഥമാദ്ധ്യാപകൻ കൺവീനറും (മെമ്പർ സെക്രട്ടറി), വാർഡ് മെമ്പർ, മുൻ പി.ടി.എ. അംഗം, എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ട രക്ഷകർത്താക്കളുടെ പ്രതിനിധികൾ, അദ്ധ്യാപക പ്രതിനിധികൾ ഉൾപ്പെട്ട കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഈ കമ്മിറ്റിക്കായിരിക്കും ഉച്ചഭക്ഷണ നടത്തിപ്പിന്റെ പൂർണ്ണ ചുമതല.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം കുട്ടികൾക്ക് ലഭിക്കേണ്ട കലോറി മൂല്യം, പ്രാദേശിക സാഹചര്യം, പ്രോട്ടീൻ എന്നിവ കണക്കിലെടുത്ത് അതാത് മാസത്തെ

LIBRARY ARCHIVES Kerala Legislative Assembly